**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഒളവണ്ണയിലെ ഷാർജാ കൾച്ചറൽ സെന്റർ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ പി .ടി .എ . റഹീം** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | കോഴിക്കോട് ഒളവണ്ണയിൽ ഷാർജാ കൾച്ചറൽ സെന്ററിന് വേണ്ടി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വില്ലേജിൽ റീസർവ്വേ നം. 200/2B 2B, 200/2B 2A, 200/2C, 194/7, 206/3, 199/13, 200/2D ഉൾപ്പെട്ട ഭൂമിയാണ് പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്; | (ബി) | 30.40 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. |
| (സി) | ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഇൻഡോ ഷാർജ കൾച്ചറൽ സെന്റർ, അന്തർദേശീയ കൺവെൻഷൻ സെന്റർ & എക്സിബിഷൻ സെന്റർ, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക സമുച്ചയം എന്നിവയ്ക്കായി കോഴിക്കോട് താലൂക്ക് ഒളവണ്ണ വില്ലേജിൽ 30.40 ഏക്കർ ഭൂമി നെഗോഷ്യബിൾ/ ഡയറക്ട് പർച്ചേസ് വഴി ഏറ്റെടുക്കുന്നതിനായി 16.02.2019ലെ സ.ഉ. (സാധാ)നം. 71/2019/ സാം.കാ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി 30.40 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 60 കോടി രൂപ ആവശ്യമാണ്. അതിൽ 35 കോടി കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ബാക്കി 25 കോടി രൂപയ്ക്കുള്ള പ്രൊപ്പോസൽ കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട ചട്ടം 11(1) പ്രകാരം വിജ്ഞാപനം റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം നെഗോഷ്യബിൾ പർച്ചേസ് വഴി ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും പദ്ധതിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് കാലതാമസം കൂടാതെ ഭൂമി ഏറ്റെടുക്കുന്ന നടപടി ത്വരിതപ്പെടുത്തണമെന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ